മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, തിരുവനന്തപുരം എം.ജി. കോളേജിലെ രണ്ടാംവർഷ പ്രീഡിഗ്രി വിദ്യാർത്ഥിയും എസ്.എഫ്.ഐ. പ്രവർത്തകനുമായ ഷാനവാസിനെ 24.11.1999-ന് വൈകിട്ട് നാല് മണിയോടെ പരുത്തിപ്പാറ ജംഗ്ഷനിൽവച്ച് എ.ബി.വി.പി. പ്രവർത്തകരായ ചിലർ ചേർന്ന് ദേഹോപദ്രവമേൽപ്പിച്ചശേഷം കോട്ടയ്ക്കകത്തുള്ള ആർ.എസ്.എസ്. കാര്യാലയത്തിൽ ബലമായി പിടിച്ചുകൊണ്ടുപോയി മർദ്ദിച്ചു. ഇക്കാര്യത്തിന് ക്രൈം 290/99-ാം നമ്പരായി പേരൂർക്കട പോലീസ് സ്റ്റേഷനിൽ ഷാനവാസിന്റെ പരാതിപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളിൽപ്പെട്ട ഏഴുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയുംചെയ്തു. എസ്.എഫ്.ഐ.-ൽ പ്രവർത്തിക്കുന്നുവെന്നതാണ് വിരോധകാരണം. തുടർന്ന് 1.12.1999 രാവിലെ മാർ ഇവാനിയോസ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥിയും, എസ്.എഫ്. ഐ. യൂണിറ്റ് ജോയിന്റ് സെക്രട്ടറിയുമായ രഞ്ജിത് തന്റെ സഹോദരിയോടൊത്ത് ഒരു മോട്ടോർ സൈക്കിളിൽ പോകുമ്പോൾ എം.ജി. കോളേജിലെ എ. ബി.വി.പി. പ്രവർത്തകരായ ചിലർ ചേർന്ന് പരുത്തിപ്പാറ ജംഗ്ഷനിൽവച്ച് തടഞ്ഞുനിർത്തി രഞ്ജിത്തിനെ ദേഹോപദ്രവമേൽപ്പിച്ചു. ഇതു സംബന്ധിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 294/99-ാം നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. എം.ജി. കോളേജിൽ ഇതര വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കുന്നതായി പരാതികളുണ്ടാകുന്നുണ്ട്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കും അക്രമങ്ങൾക്കുമെതിരെ ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(3) മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകളിൽ നടന്ന ക്രമക്കേടുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, കേരളത്തിലെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷകളിൽ നടന്ന ക്രമക്കേടുകൾ ഒരു സ്വകാര്യബിൽ അവതരിപ്പിച്ചുകൊണ്ട് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. സർ, ഈ രംഗം കുറ്റമറ്റതാണെന്നുള്ള നിലപാടാണ് തുടക്കത്തിൽ സർക്കാരിനുണ്ടായിരുന്നത്. ഇക്കാര്യം പരിശോധിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ പ്രശ്നം കേരള ഹൈക്കോടതിയിൽ എത്തുകയും 59 ചോദ്യങ്ങൾ തെറ്റാണെന്ന് കണ്ടെത്തുകയും ചെയ്തു. ഈ സാഹചര്യത്തിൽ കോഴിക്കോട് ആർ.ഇ.സി. പ്രിൻസിപ്പൽ ഡോ. എം.ജി. ചന്ദ്രശേഖരന്റെ നേതൃത്വത്തിൽ നിലവിലുള്ള സംവിധാനത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റി തെളിവെടുപ്പു നടത്തി വളരെയേറെ സ്വാഗതാർഹമായ നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒരു ആട്ടോണമസ് സ്റ്റാറ്റ്യൂട്ടറി എൻട്രൻസ് കമ്മീഷൻ വേണമെന്നുള്ളതാണ്. ഈ പ്രശ്നത്തിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയുടെ നിലപാട് ഒരു ആട്ടോണമസ് കമ്മിഷൻ രൂപീകരിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ട യാതൊരു അത്യാവശ്യവും നിലവിലില്ല എന്നു തോന്നുന്ന തരത്തിലാണ്. ഈ നിലപാട് ശരിയല്ല. എക്സ്പെർട്സ് കമ്മിറ്റി നിലവിലുള്ള സംവിധാനത്തിൽ ഈ രംഗത്ത് ആകെ നിലനിൽക്കുന്ന ക്രമക്കേടുകളെക്കുറിച്ച് പരാമർശിക്കുകയുണ്ടായിട്ടുണ്ട്. ഈ ക്രമക്കേടുകൾ നട

LIBRARY ARCHIVES Kerala Legislative Assembly

ത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ എല്ലാവരും ഇപ്പോഴും സുരക്ഷിതരാണ്. അവരെക്കുറിച്ച് അന്വേഷണം നടത്താനോ ആ കാര്യങ്ങളെക്കുറിച്ച് തെളിവെടുപ്പ് നടത്തുന്നതിനോ ഈ കമ്മിറ്റിയും ഗവൺമെന്റും തയ്യാറായിട്ടില്ല. കമ്പ്യൂട്ടർ ശാസ്ത്രത്തിൽ ഡിപ്ലോമ മാത്രമുള്ളവരാണ് കമ്പ്യൂട്ടർ പ്രോഗ്രാമിനുള്ള ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഈ രംഗത്താണ് ഏറ്റവും കൂടുതൽ ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഈ രംഗത്തു തുടർച്ചയായി എട്ടും പത്തും വർഷമായി ജോലി ചെയ്യുന്ന ആളുകളെ മാറ്റിനിറുത്തിക്കൊണ്ട് ഇക്കാര്യങ്ങളെക്കുറിച്ച് ഒരന്വേഷണം നടത്തുകയും കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടി സ്വീകരിക്കുകയും ഒരു ബില്ല് കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ സഭയിൽ ഈ പ്രശ്നം വന്നപ്പോൾ ഞാൻ അന്ന് ഇതു കുറ്റമറ്റതാണെന്ന നിലപാട് സ്വീകരിച്ചിട്ടേയില്ല. ആ സ്റ്റേറ്റുമെന്റ് ശരിയല്ല. ഈ സഭയിൽത്തന്നെ പറഞ്ഞത്, ഈ കാര്യങ്ങളെക്കുറിച്ച് പഠിച്ച് വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്നാണ്. അങ്ങനെയൊരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചു. അതു കാബിനറ്റിൽ കൊണ്ടുവരികയും ചെയ്തു. രണ്ടു സ്റ്റേജസായിട്ടാണ് ഇതിനുള്ള പരിഷ്കാരങ്ങൾ വരുത്താൻ നിർദ്ദേശിച്ചിട്ടുള്ളത്. ഒന്ന് അടുത്ത അക്കാഡമിക് ഇയറിൽ വരേണ്ട മാറ്റങ്ങളാണ്. മറ്റു ചില നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ അല്പം സമയം വേണ്ടിവരും. അടുത്ത അക്കാഡമിക് ഇയറിൽ എഞ്ചിനീയറിംഗിനും മെഡിസിനും രണ്ടു പരീക്ഷകൾ എന്നുള്ളത് പൂർണ്ണമായും അംഗീകരിച്ചിരിക്കുകയാണ്. കാരണം അവർ ചൂണ്ടിക്കാണിച്ചത് എഞ്ചിനീയറിംഗിനു അഡ്മിഷൻ കിട്ടിക്കൊണ്ടിരുന്ന കുട്ടികൾക്ക് മാത്തമറ്റിക്സിനു കിട്ടിക്കൊണ്ടിരിക്കുന്ന മാർക്ക് ശരാശരി 20% ശതമാനമാണ്. 20% മാർക്ക് കിട്ടുന്ന കുട്ടികൾക്ക് എഞ്ചിനീയറിംഗിന് അഡ്മിഷൻ കിട്ടുന്നു. അതുകൊണ്ട് ഇതിൽ രണ്ട് സ്ട്രീംതന്നെ വേണം. ബയോളജിക്ക് മുൻതൂക്കം കൊടുക്കുന്ന ഒരു സ്ട്രീം ഉണ്ടാകണം. അതിൽ ബയോളജിക്ക് 100 മാർക്ക്, 60മാർക്ക് കെമസ്ട്രിക്ക് 40 മാർക്ക് ഫിസിക്സിന്. രണ്ടാമത്തെ എഞ്ചിനീയറിംഗ് സ്ട്രീമിൽ 100 മാർക്ക് മാത്തമാറ്റിക്സിന്, 60 മാർക്ക് ഫിസിക്സിന്, 40 മാർക്ക് കെമിസ്ട്രിക്ക്. ഇതുവരെ അനലൈസ് ചെയ്തപ്പോൾ കെമിസ്ട്രിക്ക് മാക്സിമം മാർക്ക് കിട്ടുന്ന കുട്ടികൾക്ക് എഞ്ചിനീയറിംഗിനും മെഡിസിനും അഡ്മിഷൻ കിട്ടുന്നു. മെഡിസിൻ വിഭാഗം ബയോളജി കൂടുതൽ അറിഞ്ഞിരിക്കണം. അല്ലെങ്കിൽ ബയോസയൻസ് കൂടുതൽ അറിഞ്ഞിരിക്കണം. എഞ്ചിനീയറിംഗ് വിഭാഗത്തിന് മാത്തമറ്റിക്സിന് കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കണമെന്ന തത്വം അംഗീകരിച്ചുകൊണ്ട് രണ്ട് പരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ ഇതിൽ ഫാൾസ് നമ്പറിംഗ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതും പ്രധാനപ്പെട്ടതാണ്. എന്തെങ്കിലും ക്രമക്കേടുകൾ നടക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അതിനുള്ള പഴുതുകൾ പൂർണ്ണമായും അടയ്ക്കാനുള്ളതാണ് ഫാൾസ് നമ്പറിംഗ്. ക്വസ്റ്റ്യൻ പേപ്പറുകൾ സെറ്റു ചെയ്യുന്നതിനു സംസ്ഥാനത്തിനു പുറത്തുള്ള എക്സ്പെർട്സിനെയാണ് നമ്മൾ നിയോഗിച്ചിരിക്കുന്നത്. മറ്റു യൂണിവേഴ്സിറ്റികളിൽനിന്നുള്ള അഭിപ്രായമനുസരിച്ചാണ് അങ്ങനെ ചെയ്തത്. ഒരാൾ ക്വസ്റ്റ്യൻ പേപ്പർ സെറ്റു ചെയ്യുന്നു. അതു വീണ്ടും പരിശോധിക്കുന്നു. ഇവാല്യൂവേറ്റു ചെയ്യുന്നു. എന്നിട്ടും അതിൽ തകരാറു വന്നിരിക്കുന്നു. അതു ഈ സംസ്ഥാനത്തു മാത്രമല്ല. ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഈ തകരാറു വന്നിരിക്കുന്നു. പ്രൊമിമിംഗ് ഓഫ് ക്വസ്റ്റ്യൻസിൽ തകരാറ് വന്നിരിക്കുന്നു. 24 ചോദ്യങ്ങൾക്ക് ഒന്നിലേറെ ശരി ഉത്തരങ്ങൾ. ആ നിലയ്ക്ക് നാലു പേപ്പറുകൾക്ക് 48 ചോദ്യങ്ങൾ ഒഴിവാക്കി രണ്ടാമത് ഇവാല്യൂവേഷൻ നടത്തുകയുണ്ടായി. ആ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ് ഇപ്പോൾ അഡ്മിഷൻ നടത്തിയിരിക്കുന്നത്. അത് ഒഴിവാക്കാൻ അടുത്തവർഷം ഒരാൾ ക്വസ്റ്റ്യൻ പേപ്പർ സെറ്റു ചെയ്യുന്നതിനുപകരം നാലോ അഞ്ചോ ആളുകൾ ക്വസ്റ്റ്യൻ പേപ്പറുകൾ സെറ്റു ചെയ്യുക. അതിനൊരു ചീഫ് എക്സാമിനറുണ്ടായിരിക്കും. അവർ ഒന്നിച്ചിരുന്നത് തർക്കമില്ലാത്ത ചോദ്യങ്ങളും തർക്കമില്ലാത്ത ഉത്തരങ്ങളും മാത്രം സെലക്ട് ചെയ്യുന്നു. അതുതന്നെ മൂന്നോ നാലോ ഗ്രൂപ്പായി എടുക്കും. നാലോ അഞ്ചോ സെറ്റ് ഓഫ് ക്വസ്റ്റ്യൻസുണ്ടാകും. ഏറ്റവും അവസാനം അതിൽനിന്നും ഏതെങ്കിലും ഒരു സെറ്റ് മാത്രം നറുക്കിട്ടെടുക്കും. അങ്ങനെ വരുമ്പോൾ തെറ്റായി പ്രൊയിം ചെയ്യുന്ന ക്വസ്റ്റ്യൻസ് ഉണ്ടാവുകയില്ല. ഒന്നിലേറെ ഉത്തരങ്ങളുടെ ക്വസ്റ്റ്യൻസുണ്ടാവുകയില്ല. അത്തരത്തിലുള്ള ഒരു മാറ്റമാണ് ഈ വർഷം ഉദ്ദേശിക്കുന്നത്. എന്നാൽ അടുത്തതിന്റെ പിന്നത്തെ വർഷത്തിൽ നടപ്പാക്കേണ്ട പരീക്ഷയുടെ പല നിർദ്ദേശങ്ങളുമുണ്ട്. അതിനായി ക്യാബിനറ്റ് സബ് കമ്മിറ്റിയെ നിയമിച്ചിരിക്കുകയാണ്. ആ ക്യാബിനറ്റ് സബ് കമ്മിറ്റിയിൽ ആത്യന്തികമായി ഒരു ക്വസ്റ്റ്യൻബാങ്ക് ഉണ്ടാകണമെന്നാണ് നിർദ്ദേശമുള്ളത്. ആ ക്വസ്റ്റ്യൻബാങ്ക് വന്നാൽ ഹോൾ സിലബസ്സായിരിക്കും. അതിൽ ഇഷ്ടമുള്ളത് കമ്പ്യൂട്ടറിൽനിന്നും അവസാനം എടുത്താൽ മതി. ഈ പുതിയ സിസ്റ്റം ക്വസ്റ്റ്യൻ ബാങ്കു കൂടി ഏർപ്പെടുത്തി നടപ്പാക്കിയാൽ മതിയാകും. പിന്നെ ക്വസ്റ്റ്യൻ തെറ്റുന്ന പ്രശ്നമില്ല. ഒന്നിലേറെ ആൻസർവരുന്ന പ്രശ്നമില്ല. അത്തരത്തിൽ കുറ്റമറ്റതാക്കാൻ കഴിയും. ക്വസ്റ്റ്യന്റെ പ്രൊയിമിംഗിനുള്ള പ്രശ്നം പരിഹരിക്കപ്പെടും. എന്തെങ്കിലും സംശയമുണ്ടെങ്കിൽ ഇതിൽ ഫാൾസ് നമ്പറിംഗും ഏർപ്പെടുത്തുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു മാറ്റം വരുത്തിക്കൊണ്ട് ഈ പരീക്ഷ കുറ്റമറ്റതാക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

(4) കൊല്ലം എസ്.എൻ. കോളേജിൽ നടന്നുവരുന്ന വിദ്യാർത്ഥിസമരം

<u>ശ്രീ. ബാബു ദിവാകരൻ</u> : സർ, മുഖ്യമന്ത്രിതന്നെ ഇടപെടണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് കൊല്ലം എസ്.എൻ. കോളേജ്. കൊല്ലം എസ്.എൻ. കോളേജിൽനിന്നും പാസ്സായിട്ടുള്ള പതിനായിരക്കണക്കിനു വിദ്യാർത്ഥികൾ ഇതിനകം ഇൻഡ്യയിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും ഏറ്റവും പ്രശസ്ത നിലയിൽ എത്തിയിട്ടുണ്ട്. ഈ സഭയിൽത്തന്നെ പത്തിലധികം അംഗങ്ങൾ അവിടെ പഠിച്ചവരുണ്ട്, പഠിപ്പിക്കുന്നവരുമുണ്ട്. കഴിഞ്ഞ ആറു മാസക്കാലത്തിനിടയിൽ അവിടത്തെ സമാധാനപരമായ അന്തരീക്ഷം നടഷ്ടപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥി സമരവുമായി ബന്ധപ്പെട്ട് നാലു വിദ്യാർത്ഥികൾക്ക് ടി.സി. കൊടുത്തതിനെത്തുടർന്നുണ്ടായ സംഭവ വികാസമാണ് ഈ സ്ഥാപനം ഇപ്പോൾ സമാധാനപരമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള എല്ലാ സാഹചര്യങ്ങളും നഷ്ടപ്പെടുത്തിയിരിക്കുന്നത്. നാലായിരത്തി അഞ്ഞൂറിൽപ്പരം വിദ്യാർത്ഥികൾ ആ കോളേജിൽ പഠിക്കുന്നു. അവരുടെ രക്ഷകർത്താക്കൾ ഇന്നു വളരെയേറെ ആശങ്കയിലാണ്. കൊല്ലം പട്ടണത്തെ സംബന്ധിച്ചിടത്തോളം ആ പ്രദേശത്തെ ജനങ്ങളിൽ വളരെയേറെ പരിഭ്രാന്തി ഉളവാക്കിയിരിക്കുന്നു. ഇതിനിടയ്ക്ക് കോടതി വിധിയുമുണ്ടായിട്ടുണ്ട്. ഈ സമരം ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി തന്നെ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നിട്ടും ഇപ്പോഴും സമരം തുടരുകയാണ്. ഞാൻ സമരത്തിന്റെ വിശദാംശങ്ങളിലേക്ക് കടക്കാൻ ഈ അവസരം വിനിയോഗിക്കുന്നില്ല. എനിക്ക് സഭാനാഥനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും അഭ്യർത്ഥിക്കാനുള്ളത് മുഖ്യമന്ത്രിതന്നെ ഇക്കാര്യത്തിൽ ഇടപെട്ടു സമാധാനപരമായി ഇവിടെ ക്ലാസ്സുകൾ നടത്തുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly